LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2005 ജൂലായ് 19, ചൊവ്വ

വാല്യം CXXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

നിയമസഭ 2005 ജൂലായ് മാസം 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

അവിശ്വാസപ്രമേയം (ചർച്ച തുടർച്ച)

മി. സ്പീക്കർ: ഓർഡർ, ഓർഡർ,.....

I. ക്രമപ്രശ്നം

സഭയിലില്ലാത്തവരെ അധിക്ഷേപിച്ച് സംസാരിച്ച ഭാഗം നീക്കം ചെയ്യണമെന്നതു സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ: സർ, ഇന്നലെ ഈ നിയമസഭയിൽ അത്യന്തം ദൗർഭാഗ്യകരമായ ചില പരാമർശങ്ങൾ ഉണ്ടായി. ഇന്നലെ ശ്രീ. ടി. കെ. ദേവകുമാർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ എ. ഐ.സി.സി. നേതാവ് ശ്രീ. അഹമ്മദ് പട്ടേലിനെപ്പറ്റി ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. അതു സംബന്ധിച്ച് അങ്ങ് റൂളിംഗും നൽകി. പ്രസ്തുത റൂളിംഗ്, സഭയിൽ ഇല്ലാത്ത ശ്രീ. അഹമ്മദ് പട്ടേലിനെപ്പറ്റി പറഞ്ഞ പരാമർശങ്ങൾ രേഖയിൽ നിന്ന് നീക്കം ചെയ്യുന്നു എന്നാണ്. പക്ഷെ ഇന്നലെ ഭരണകക്ഷി അംഗങ്ങളായ ശ്രീ. കളത്തിൽ അബ്ദുള്ള, ശ്രീ. പി. ടി. തോമസ്, പ്രൊഫ. കെ. വി. തോമസ് തുടങ്ങിയ അംഗങ്ങളെല്ലാം സി.പി.ഐ. (എം.)-ന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയനെപ്പറ്റിയും സി.പി.ഐ. (എം.)-നെപ്പറ്റിയും അധിക്ഷേപകരമായ വിധത്തിലാണ് ആരോപണങ്ങൾ ഉന്നയിച്ചത്. ഇവരൊക്കെ സഭയിൽ ഇല്ലാത്തവരാണ്. കഴിഞ്ഞ സഭാംഗമായിരുന്നു ശ്രീ. പിണറായി വിജയൻ. നിയമസഭാ ചട്ടം 285 പ്രകാരം ഇവിടെ അഴിമതി ആരോപണങ്ങൾ എഴുതിക്കൊടുക്കാൻ വ്യവസ്ഥയുണ്ട്. അത് മന്ത്രിമാർക്കു നേരെ മാത്രമാണ്. സഭയിൽ ഇല്ലാത്ത ഒരാളെപ്പറ്റിയും അഴിമതിയാരോപണങ്ങൾ ഉന്നയിക്കാൻ വ്യവസ്ഥയില്ല. ഏതെങ്കിലും ഒരംഗത്തെപ്പറ്റി എന്തെങ്കിലും ഒരു പ്രസ്താവന നടത്തിയാൽ ചട്ടം 288 പ്രകാരം പേഴ്സണൽ

എക്സ്പ്ലനേഷന് വ്യവസ്ഥയുണ്ട്. സഭയിൽ അംഗമല്ലാത്ത ശ്രീ. പിണറായി വിജയൻ 50 ലക്ഷം രൂപ അവിഹിതമായി സമ്പാദിച്ച് വീടുണ്ടാക്കി, മാളിക പണിതു, സി.പി.ഐ. (എം.)-ന് 4000 കോടി രൂപയുടെ സ്വത്തുണ്ട് എന്നൊക്കെ പറഞ്ഞാൽ, അതിന് ഇവിടെ മറുപടി പറയാൻ കഴിയാത്ത ഒരാളെപ്പറ്റി ഇങ്ങനെ വ്യക്തിപരമായി ആക്ഷേപം ഉന്നയിക്കുന്നത് ശരിയല്ല. ശ്രീ. അഹമ്മദ് പട്ടേലിനെപ്പറ്റി പറഞ്ഞ കാര്യങ്ങൾ നീക്കം ചെയ്തതുപോലെ ശ്രീ. പിണറായി വിജയനെപ്പറ്റി ഭരണകക്ഷി അംഗങ്ങൾ അധിക്ഷേപാർഹമായ വിധത്തിൽ ഉന്നയിച്ച കാര്യങ്ങളും നീക്കം ചെയ്യണം. അക്കാര്യത്തിൽ അങ്ങയുടെ റൂളിംഗ് ഉണ്ടാകണം, അല്ലെങ്കിൽ അങ്ങയുടെ റൂളിംഗ് ഏകപക്ഷീയമായിപ്പോകും. മാത്രമല്ല ഇന്ന് ചില പത്രങ്ങളിൽ വാർത്ത വന്നു; നിയമസഭയിൽ പ്രസംഗിക്കാൻവേണ്ടി പത്രങ്ങളിൽ വാർത്തകൾ വരുത്തുകയും പ്രസംഗിച്ചതിനുശേഷം ഇത്തരത്തിലുള്ള അധിക്ഷേപകരമായ കാര്യങ്ങൾ നിയമസഭയിൽ പറഞ്ഞതാണെന്ന് പറഞ്ഞ് റീ-പ്രൊഡ്യൂസ് ചെയ്യുകയും ചെയ്യുന്നു. ചില മാധ്യമങ്ങൾ പരസ്പരം സിൻഡിക്കേറ്റ് പോലെ ഇവിടെ പ്രവർത്തിക്കുകയാണ്. അതുകൊണ്ട് സഭയിൽ അംഗമല്ലാത്ത ഒരാളെപ്പറ്റി പത്രങ്ങളിൽ വരുന്ന എല്ലാ കാര്യങ്ങളും അധിക്ഷേപകരമായ വിധത്തിൽ ഇവിടെ ഉന്നയിക്കുന്നത് ഓർഡറിൽ അല്ല; അങ്ങ് ഇന്നലെ ഒരു റൂളിംഗ് നൽകി, ആ റൂളിംഗിന്റെ അടിസ്ഥാനത്തിൽ ശ്രീ. പിണറായി വിജയനെപ്പറ്റി അപകീർത്തികരമായി നടത്തിയ പ്രസ്താവന ഒഴിവാക്കണം. സഭാ രേഖകളിൽ നിന്ന് അത് നീക്കം ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ഇന്നലെ പറഞ്ഞ കാര്യങ്ങളിൽ വ്യത്യാസമുണ്ട്, ശ്രീ. പിണറായി വിജയൻ കേരളത്തിൽ വൈദ്യുതി മന്ത്രിയായിരുന്നു. അദ്ദേഹം മന്ത്രിയായിരുന്ന കാലത്തുണ്ടായ സംഭവങ്ങൾ പരാമർശിക്കാനുള്ള അവകാശം ആ ഈ സഭയ്ക്കുണ്ട്. ബഹുമാന്യനായ അഹമ്മദ് പട്ടേൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ അഖിലേന്ത്യാ ജനറൽ സെക്രട്ടറിയാണ്. അദ്ദേഹം ഈ സഭയുടെ ഭാഗമല്ല. ശ്രീ. പിണറായി വിജയൻ കേരളത്തിന്റെ വൈദ്യുതി മന്ത്രിയായിരുന്നു. അദ്ദേഹം മന്ത്രിയായിരുന്ന കാലത്തുണ്ടായ സംഭവങ്ങൾ ചൂണ്ടിക്കാണിക്കാനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉന്നയിക്കാനുമുള്ള അവകാശം ഈ സഭയ്ക്കുണ്ട്. ഇവിടെ ശ്രീ. പിണറായി വിജയൻ മന്ത്രിയായ കാലഘട്ടത്തിൽ ഉണ്ടായ സംഭവങ്ങൾ ചൂണ്ടിക്കാണിക്കാനുള്ള അവകാശം ഈ സഭയ്ക്കുണ്ട്, ആ വ്യത്യാസം കാണാതെ പോകരുത്. അതുകൊണ്ട് ഈ സംസ്ഥാനത്ത് മന്ത്രിമാരായിരുന്ന ആളുകളുടെ കാര്യങ്ങൾ പരാമർശ വിഷയമാകും. അതിനുള്ള അവകാശം ഈ സഭയ്ക്കുണ്ട്, മെമ്പർമാർക്കുണ്ട്. അത് നിഷേധിക്കാൻ പറ്റുമോ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, പ്രസക്തമായ റൂളിംഗാണ് വേണ്ടത്. അതിനകത്തു നിന്നുകൊണ്ടാണ് ഞാൻ പറയുന്നത്. മുൻ മന്ത്രിമാരെ സംബന്ധിച്ച് പഴയ ഗവൺമെന്റിന്റെ ഒരു കാര്യം ഇവിടെ ചർച്ച ചെയ്യപ്പെടുന്നതിൽ യാതൊരു തെറ്റുമില്ല; അത് ചർച്ച ചെയ്യാൻ സഭയ്ക്കവകാശമുണ്ട്. വ്യക്തിപരമായി അധിക്ഷേപങ്ങൾ നടത്തുമ്പോൾ ബന്ധപ്പെട്ട വ്യക്തിക്ക് സഭയിൽ അതിനു മറുപടി പറയാൻ സാധിക്കില്ല. ഇങ്ങനെയുള്ള പ്രശ്നങ്ങൾ ഇവിടെ ഉന്നയിക്കുന്നതിലാണ് അങ്ങ് ഇടപെടേണ്ടത്. ഇവിടെ ശ്രീ. പിണറായി വിജയന് എതിരായി വൈദ്യുതി മന്ത്രിയായിരുന്ന കാലത്ത് നടന്ന കാര്യങ്ങൾ സംബന്ധിച്ച് ഇവിടെനിന്ന് മറുപടി പറയുന്നതിന് യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

തടസ്സവുമില്ല. വ്യക്തിപരമായി അദ്ദേഹത്തെ സംബന്ധിച്ച് ഇവിടെ പറഞ്ഞത്, അദ്ദേഹം 50 ലക്ഷം രൂപയുടെ വീട് വയ്ക്കുന്നു എന്നാണ്. അതിനു മറുപടി പറയാൻ ആർക്ക് സാധിക്കും. അദ്ദേഹത്തിന്റെ വീട് ഇപ്പോൾ രണ്ടു മുറി കൂട്ടിയെടുത്തു, അതിന് 5 ലക്ഷം രൂപ ബാങ്കിൽ നിന്ന് ലോൺ എടുത്തിട്ടുണ്ട്.

.....(ബഹളം).....

അതുസംബന്ധിച്ച് പത്രത്തിൽ വന്ന വാർത്ത നിഷേധിച്ച് അതേ പത്രം തന്നെ വാർത്ത കൊടുത്തു. ഇവിടെ പ്രസംഗിച്ച് എല്ലാ പത്രങ്ങളിലും വാർത്ത വരുത്തിക്കഴിഞ്ഞാൽ അതിൽ ബന്ധപ്പെട്ട വ്യക്തിക്ക് എങ്ങനെ ഇവിടെ വന്ന് മറുപടി പറയാൻ സാധിക്കും? അത് സഭാ രേഖകളിൽ നിർത്തുമെങ്കിൽ ശ്രീ. അഹമ്മദ് പട്ടേലിനെപ്പറ്റി പറഞ്ഞ കാര്യങ്ങളും സഭാ രേഖയിൽ ഉണ്ടാകണം. അതനുസരിച്ചുള്ള നിലപാട് ബഹുമാനപ്പെട്ട സ്പീക്കർ സ്വീകരിക്കണം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇവിടെ വീട് വച്ചോ ഇല്ലയോ എന്നുള്ളത് നോൺ ഇഷ്യൂവാണ്. അത് ഞങ്ങളെ സംബന്ധിച്ച് ഒരു പ്രശ്നമേയല്ല.

.....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്, പലരും സംസാരിച്ചില്ലേ, ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി കൂടി ഒന്ന് സംസാരിക്കട്ടെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അതൊരു നോൺ ഇഷ്യൂവാണ്, സംസാരത്തിന്റെ ഇടയിൽ വന്നുപെട്ട ചില ഭാഗങ്ങൾ ആണെന്നുള്ളതു മാത്രമേയുള്ളൂ. ഇവിടെ അവിശ്വാസപ്രമേയം അവതരിപ്പിച്ചുകൊണ്ട്, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഈ ചർച്ച പൈലറ്റ് ചെയ്ത സന്ദർഭത്തിൽ തന്നെ എസ്. എൻ. സി. ലാവ്‌ലിനെക്കുറിച്ച് പരാമർശിച്ചിരുന്നു. സ്വാഭാവികമായും ആ പരാമർശം വിവിധ രൂപങ്ങളിൽ പോകുകയാണ്. രണ്ടാമതായി, ഈ സഭയുടെ മുമ്പിലുള്ള ചില കാര്യങ്ങൾ, കഴിഞ്ഞ നിയമസഭ മുതലേ ചർച്ച ചെയ്തുവന്ന ചില കാര്യങ്ങൾ സ്വാഭാവികമായി ആവർത്തിച്ചു കൊണ്ടിരിക്കുകയാണ്. പുതിയതായി ഒരു കാര്യത്തെക്കുറിച്ചും ഇവിടെ പറഞ്ഞില്ല. പുതിയതായി ഒരു കാര്യത്തെക്കുറിച്ച് പറഞ്ഞോ ഇല്ലയോ എന്നുള്ളതാണ് പ്രശ്നം. പുതുതായി ഒന്നും പറഞ്ഞിട്ടില്ല. പഴയത് ആവർത്തിച്ചു എന്നുള്ളതു മാത്രമേയുള്ളൂ.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഇതു സംബന്ധിച്ച് ഇവിടെ നടക്കുന്ന ചർച്ചയെ ഏതെങ്കിലും വിധത്തിൽ തടസ്സപ്പെടുത്തത്തക്ക തരത്തിൽ വകുപ്പുമന്ത്രിയുമായിട്ട് ബന്ധപ്പെട്ടതിനെ സംബന്ധിച്ചു നടത്തുന്ന പരാമർശത്തെ സംബന്ധിച്ച് ഇവിടെ വിശദീകരിക്കാൻ ആളുണ്ട് എന്നുള്ളതുകൊണ്ട് അതേപ്പറ്റിയല്ല ഇവിടെ കംപ്ലെയിന്റ്. വ്യക്തിപരമായി വീടുണ്ടാക്കി എന്നു പറഞ്ഞു. ആര് പറഞ്ഞു എന്നുള്ളതല്ല, പറഞ്ഞതിനിപ്പോഴും ഉത്തരവാദികൾ ഇല്ല. അബദ്ധമാണെന്ന് തോന്നിയപ്പോൾ ഇപ്പോൾ ഉത്തരവാദികൾ ഇല്ല. ഏതായാലും ഈ സഭയിൽ വന്ന പരാമർശത്തിന്റെ അടിസ്ഥാനത്തിൽ അങ്ങ് ഇതു സംബന്ധിച്ച് എന്താണ് റൂളിംഗ് നടത്തുന്നത് എന്നറിയാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്. അത് പക്ഷപാതപരമാകില്ല എന്ന് ഞങ്ങൾക്ക് പൂർണ്ണമായ വിശ്വാസമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly